"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ILGMS സോഫ്റ്റ്‌വെയറിന്റെ ഭാഗമായി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ച് വരുന്ന പ്രീ-പ്രിന്റഡ് സ്റ്റേഷനറി ഒഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കൈപ്പറ്റ് രസീത്, ഡെഫിഷ്യൻസി ലെറ്റർ എന്നീ പ്രിന്റൗട്ടുകൾ എ-4 പേപ്പറിൽ നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.1586/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/08/2020

---

പരാമർശം:- ഇൻഫർമേഷൻ കേരളാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 13.08.2020-ലെ 1094/ഇംപ്ലി/2020/ഐ.കെ.എം. നമ്പർ കത്ത്.

<u>ഉത്തരവ്</u>

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രീ-പ്രിന്റഡ് രസീതുകളാണ് ഉപയോഗിച്ച് വരുന്നതെന്നും ഐ.കെ.എം. വികസിപ്പിച്ച് പുതിയതായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിന്യസിക്കുന്ന ILGMS സോഫ്റ്റ്‌വെയറിന്റെ ഭാഗമായി താഴെപ്പറയുന്ന 3 തരം പ്രിന്റ് ഔട്ടുകളാണ് ഫ്രണ്ട് ഓഫീസിൽ നിന്നും നല്കാൻ ഉദ്ദേശിക്കുന്നതെന്നും ഓൺലൈൻ മുഖേന അപേക്ഷകൾ സമർപ്പിക്കുന്ന സാഹചര്യത്തിൽ താഴെപ്പറയുന്ന ക്രമനമ്പർ i, ii പ്രകാരമുള്ള രസീതുകൾ നൽകേണ്ടതുണ്ടെന്നും പരാമർശ കത്ത് പ്രകാരം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു.

i. പണം ഒടുക്കിയതിനുള്ള കൈപ്പറ്റ് രസീത് (with QR CODE)

ii. അപേക്ഷകൾക്കുള്ള കൈപ്പറ്റ് രസീത്.

iii. അപേക്ഷകളിലുള്ള ന്യൂനതകൾ അറിയിച്ചുകൊണ്ടുള്ള deficiency ലെറ്റർ.

2) മേൽപറഞ്ഞ എല്ലാ സാഹചര്യത്തിലും നൽകുന്ന പ്രിന്റൗട്ടുകൾക്കെല്ലാം ഏകീകൃത സ്വഭാവവും രൂപവും കൈവരുന്നതിനും അത് മുഖേന പൊതുജനങ്ങൾക്കും ജീവനക്കാർക്കും കൂടുതൽ യൂസർ ഫ്രണ്ട്‌ലി (user-friendly) ആയി സംവിധാനം ഉപയോഗിക്കാൻ കഴിയുന്നതിനും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ച് വരുന്ന പ്രീ-പ്രിന്റഡ് സ്റ്റേഷനറി (pre-printed stationery) ഒഴിവാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന മേൽപറഞ്ഞ സാഹചര്യത്തിലുള്ള എല്ലാ പ്രിന്റൗട്ടുകളും A-4 പേപ്പറിൽ നൽകുന്നതിനുള്ള ഉത്തരവ് ലഭ്യമാക്കണമെന്നും പരാമർശം കത്ത് പ്രകാരം എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന മേൽപരാമർശ പ്രിന്റൗട്ടുകൾക്കെല്ലാം ഏകീകൃത സ്വഭാവവും രൂപവും കൈവരുന്നതിനും കൂടുതൽ യൂസർ ഫ്രണ്ട്‌ലി (user-friendly) ആയി സംവിധാനം ഉപയോഗിക്കാൻ കഴിയുന്നതിനും വേണ്ടി നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉപയോഗിച്ച് വരുന്ന പ്രീ-പ്രിന്റഡ് സ്റ്റേഷനറി (pre-printed stationery) ഒഴിവാക്കി മേൽപറഞ്ഞ പ്രിന്റൗട്ടുകളെല്ലാം A-4 പേപ്പറിൽ നൽകുന്നതിനുള്ള

അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(E&RSA /G&SSA) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.